**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1412** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണത്തിനായിയുള്ള നിരക്ക് വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2011-2016 കാലയളവിലെ സർക്കാർ ഉച്ചഭക്ഷണ ഫണ്ടായി നിശ്ചയിച്ച് നൽകിയ നിരക്ക് തന്നെയാണ് നിലവിലും തുടരുന്നതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയിൽ കോസ്റ്റ് 07.06.2024 തിയതിയിലെ സ.ഉ(സാധാ)നം. 3676/2024/പൊവിവ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കുടിശ്ശികയില്ലാതെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രധാന അധ്യാപകർക്ക് ഉച്ച ഭക്ഷണ വിതരണത്തിന്റെ ബാധ്യതയേൽപ്പിക്കുന്ന സമീപനം മാറ്റി നിരക്ക് പുതുക്കി നിശ്ചയിച്ച് കുടിശിക ഇല്ലാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ബി) | സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയിൽ കോസ്റ്റ് 07.06.2024 തിയതിയിലെ സ.ഉ(സാധാ)നം. 3676/2024/പൊവിവ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കുടിശ്ശികയില്ലാതെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- PM POSHAN സ്കീം (സ്കൂൾ ഉച്ചഭക്ഷണ പദ്ധതി) - സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയൽ കോസ്ററ് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.3676/2024/GEDN തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.2911/2016/പൊ.വി.വ തീയതി.05.09.2016
2. കേന്ദ്ര സർക്കാരിന്റെ സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ് ഡയറക്ടറുടെ 07.10.2022 ലെ കത്ത് നമ്പർ എഫ്.നം.1-3/2021-ഡെസ്ക് (എം.ഡി.എം)-പാർട്ട് (2) നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.12.2022-ലെ എൻ.എം.എ(1)/13394/2021/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി (PM POSHAN സ്കീം) നടത്തിപ്പിനായി സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ്, 150 കുട്ടികൾ വരെ കുട്ടി ഒന്നിന് 8 രൂപ, 151 മുതൽ 500 കുട്ടികൾ വരെ കുട്ടി ഒന്നിന് 7 രൂപ, 500 കുട്ടികൾക്ക് മുകളിലുള്ള ഓരോ കുട്ടിക്കും 6 രൂപ എന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ (PM POSHAN സ്കീം) മെറ്റീരിയൽ കോസ്റ്റിന്റെ കേന്ദ്ര - സംസ്ഥാന മാൻഡേറ്ററി നിരക്കുകൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പരാമർശം (2) പ്രകാരം പരിഷ്കരിക്കുകയുണ്ടായി. ആയതിനാൽ, നിലവിലെ സ്ളാബ് സമ്പ്രദായം (പ്രീ-പ്രൈമറി & പ്രൈമറി, അപ്പർ പ്രൈമറിക്ക് യഥാക്രമം 6 രൂപ/7 രൂപ/8 രൂപ) ഒഴിവാക്കി പകരം കേന്ദ്രസർക്കാർ നടപ്പിലാക്കിയിട്ടുള്ള രീതിയിൽ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിൽ കുട്ടികൾ ഓരോന്നിനും യഥാക്രമം 6 രൂപയും 8.17 രൂപയും അനുവദിച്ച് കൊണ്ട് മാൻഡേറ്ററി മെറ്റീരിയൽ കോസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) -ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി (PM POSHAN സ്കീം) സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയൽ കോസ്ററ് (സപ്ലിമെന്ററി ന്യൂട്രിഷൻ പരിപാടി ഒഴികെയുള്ള തുക) പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിൽ കുട്ടികൾ ഓരോന്നിനും യഥാക്രമം 6 രൂപ, 8.17 രൂപ എന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരളം ,തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരളം ,തിരുവനന്തപുരം .

ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (U.O(R) EDN-A2/169/2021-FIN – dated.24.04.2024)

വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ ) വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.